# വചനസൂര്യം



വാല്യം 12 ✵ മെയ് 2014 ✵ ലക്കം 5

# പ്രസംഗം തയ്യാറാക്കിയവർ

മെയ് 4 : **ഉയിർപ്പിനുശേഷം രണ്ടാം ഞായർ**

ബ്രദർ ജോർജ്ജ് അഭയാനന്ദ് ഒ. ഐ. സി.

മെയ് 11 : **ഉയിർപ്പിനുശേഷം മൂന്നാം ഞായർ**

ബ്രദർ ജോഷി റയ്മണ്ട് ഒ. ഐ. സി.

മെയ് 18 : **ഉയിർപ്പിനുശേഷം നാലാം ഞായർ**

ബ്രദർ തോമസ് ഫ്രാൻസിസ് ഒ. ഐ. സി.

മെയ് 25 : **ഉയിർപ്പിനുശേഷം അഞ്ചാം ഞായർ**

ബ്രദർ എബിൻ തോമസ് പണിക്കർ ഒ. ഐ. സി.

മെയ് 29 : **നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം**

ബ്രദർ ആന്റണി ഞെരിഞ്ഞാംപള്ളി ഒ. ഐ. സി.



Printed : At Bethany Offset Printers, Kottayam
Published : By **Bethany Vedavinjana Peeth, Pune**
E-mail:bethanyktm@gmail.com
(For Private Circulation)

# 2014 മെയ് 4
# ഉയിർപ്പിനുശേഷം രണ്ടാം ഞായർ

യോഹ. 21:15-19; പുറ. 15:1-8; ജ്ഞാനം 1:12-16; ഏശ. 63:1-6; അപ്പ.പ്രവ. 13:26-41; എഫേ. 2:14-22; യോഹ. 21:1-14

**ബ്രദർ ജോർജ്ജ് അഭയാനന്ദ് ഒ. ഐ. സി.**

## ആമുഖം

ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായമനുസരിച്ച്, വി. യോഹന്നാന്റെ സുവിശേഷം 21-ാം അദ്ധ്യായം സുവിശേഷകന്റെ ഒരു വീണ്ടുവിചാരമായിരുന്നു. സുവിശേഷം എഴുതപ്പെട്ട സമയത്തു വിശ്വാസസംബന്ധമായി ഉയർന്നു വന്ന ചോദ്യങ്ങൾക്കു മറുപടിയായാണ് സുവിശേഷകൻ ഈ അദ്ധ്യായം തന്റെ സുവിശേഷത്തോടു എഴുതി കൂട്ടിച്ചേർത്തത്. പ്രസ്തുത വചനഭാഗം അനേകം സൂചനകളാൽ സമ്പന്നമാണ്. ശിഷ്യന്മാരുടെ മനോഭാവം, പത്രോസിന്റെ സ്ഥാനം, വി.സഭയുടെ വളർച്ച, വിജാതീയ മിഷന്റെ വിജയം, സർവ്വജ്ഞാനിയായ ഗുരുനാഥൻ തുടങ്ങിയ സൂചനകൾ ഈ വേദഭാഗത്തു വളരെ പ്രത്യേകമായി പരാമർശിച്ചിരിക്കുന്നു. എന്നാൽ, ഇതിൽ ഏതാനും ചിലതു മാത്രമേ ഇവിടെ വിചിന്തനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളൂ.

## പ്രമേയം

തന്റെ മരണത്തിനും ഉത്ഥാനത്തിനും ശേഷം ചിതറിപ്പോയ ശിഷ്യന്മാരെ തിരഞ്ഞു ചെല്ലുന്ന യേശുവിന്റെ ചിത്രമാണ് നാം ഈ വേദഭാഗത്തു കാണുന്നത്. പഴയ ജീവിതരീതികളിലേക്കു മടങ്ങാനൊരുങ്ങുന്ന ശിഷ്യരെ ആത്മധൈര്യവും പ്രത്യാശയും നല്കി യേശു തിരികെ കൊണ്ടു വരികയാണ് ഇതിലെ പ്രധാന പ്രമേയം.

## വിചിന്തനം

**1) അസാധാരണത്വത്തിൽ നിന്ന് സാധാരണത്വത്തിലേക്ക്:**

മൂന്നു വർഷക്കാലം ഗുരുവിനെ പിൻതുടർന്ന ശിഷ്യർക്കു ഗുരുവിന്റെ മരണം വലിയ നിരാശതയുടെയും നഷ്ടത്തിന്റെയും അനുഭവമായിരുന്നു. എന്നാൽ ഉത്ഥാനത്തിന്റെ മഹിമ ദർശിച്ചപ്പോൾ അവരുടെ ദുഃഖ2മെല്ലാം സന്തോഷമായി മാറുകയാണ്. ഉത്ഥാനം ഒരു സാധാരണ അനുഭവമല്ലായിരുന്നു. മരിച്ചവൻ വീണ്ടും ജീവിക്കുക എന്നതു ലോകചരിത്രത്തിൽ അന്നുവരെ ആരും കേട്ടിട്ടില്ലായിരുന്നു. ശൂന്യമായ കല്ലറയും തുടർന്നുള്ള യേശുവിന്റെ പ്രത്യക്ഷപ്പെടലുകളും എല്ലാം അവരെ സംബന്ധിച്ചിടത്തോളം അത്ഭുതജനകവും അഭൗതിക വുമായ അനുഭവമായിരുന്നു. അത് അവർക്കു ദൈവാനുഭവം തുളു മ്പുന്ന നിമിഷങ്ങളുമായിരുന്നു. എന്നാൽ പിന്നെന്തേ, ഈ ശിഷ്യന്മാർ അവരുടെ അനുഭവങ്ങളെല്ലാം മറന്നു വീണ്ടും അവരുടെ കുലത്തൊഴി ലിലേക്കു മടങ്ങിപ്പോകുന്നത്?

ഒന്നാമത്തെ കാരണം:- ശിഷ്യന്മാർ അവർക്കു ലഭിച്ച അനുഭവ ത്തെ വെറുമൊരു അനുഭവമായി കണ്ടു. അവർ അതിനെ എന്നും നിലനിൽക്കുന്ന ഓർമ്മയായി മാറ്റിയിരുന്നില്ല. “ഇത് എന്റെ ഓർമ്മക്കായി ചെയ്യുവിൻ” എന്ന ഗുരുകൽപന അവർ മറന്നിരുന്നു. ഓർമ്മകളെ ആഘോഷങ്ങളും അനുഷ്ഠാനങ്ങളുമാക്കി മാറ്റുമ്പോൾ മാത്രമേ അസാധാരണമായ ആ അനുഭവം, ഓരോരുവന്റേയും മനസ്സിൽ ജീവി ക്കുകയുള്ളൂ. ശിഷ്യരുടെ മനസ്സിനെ സ്പർശിച്ച ആ അസാധാരണ സംഭവം സാധാരണത്വത്തിലേക്കു താഴ്ത്തപ്പെട്ടു പോയതിന്റെ ഒരു കാരണം ഇതായിരുന്നു.

### 2) ഗുരുസാന്നിധ്യത്തെ തിരിച്ചറിയാത്ത ശിഷ്യഗണം

തങ്ങൾക്കു ലഭിച്ച വിളിയെ ഉപേക്ഷിച്ച്, ഒരിക്കൽ പൂർണ്ണമായും ഒന്നും വേണ്ടെന്നു വെച്ച് ഇറങ്ങിത്തിരിച്ച പത്രോസും കൂട്ടരും വീണ്ടും കടൽത്തീരത്തു നിൽക്കുമ്പോൾ, തങ്ങളുടെ ഗുരുനാഥനെ തിരിച്ചറിയു വാൻ പരാജയപ്പെടുന്നു. ഇപ്രകാരം വിളിയിൽനിന്നും വ്യതിചലിച്ചു പോകുന്ന ഏതൊരു ശിഷ്യനും ഉണ്ടാകാവുന്ന ദുരന്തമാണ്, ഗുരു സാന്നിധ്യത്തെ തിരിച്ചറിയാൻ പരാജയപ്പെട്ടു പോകുന്ന അവസ്ഥ. നമ്മുടെ ജീവിതത്തിലും ഗുരുസാന്നിധ്യത്തെ തിരിച്ചറിയാൻ കഴിയാതെ

പോയ നിമിഷങ്ങളുണ്ടായിട്ടുണ്ടോ? എങ്കിലും ഭയപ്പെടേണ്ട, കാരണം, ശിഷ്യന്റെ ബലഹീനത മനസ്സിലാക്കി അവന് സ്വയം വെളിപ്പെടുത്തിക്കൊടുക്കുന്ന ഒരു നല്ല ഗുരുവരനാണ് നമുക്കുള്ളത്-തിബേരിയാസ് കടൽത്തീരം അതാണല്ലോ നമ്മോടു സാക്ഷിക്കുന്നത്.

### 3) വിടാതെ പിന്തുടരുന്ന ഗുരു

യോഹന്നാന്റെ സുവിശേഷത്തിലെ ഈ സംഭവം നമ്മെ ഓർമ്മപ്പെടുത്തുന്നത് ലൂക്കോസിന്റെ സുവിശേഷത്തിൽ നാം കാണുന്ന എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരുടെ (ലൂക്കാ. 24:13-35) കഥയാണ്. അവിടെയും വിളിയിൽ നിന്നു വ്യതിചലിച്ച ശിഷ്യന്മാരുടെ പിന്നാലെ ഗുരു പോയി. വാക്കാലും പ്രവൃത്തിയാലും വിളിയിലേക്കും ദൗത്യത്തിലേക്കും തിരിച്ചു ചേർക്കുന്ന ഗുരുവിനെയാണു നാം കാണുന്നത്. അവിടെയും അവൻ അവർക്ക് അപ്പം നൽകുമ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെടുകയും ഗുരുവിനെ തിരിച്ചറിയുകയും ചെയ്യുന്നു.

## ഉപസംഹാരം

ഗുരു തന്റെ സാന്നിധ്യം അറിയിക്കുന്നത് അപ്പം മുറിക്കുന്നതിലൂടെയാണ്. അനുഷ്ഠാനവും ആഘോഷവുമായ വി.കുർബ്ബാന, അസാധാരണമായ രഹസ്യത്തിന്റെ, ക്രിസ്തുരഹസ്യത്തിന്റെ, ശിഷ്യന്മാരെ ആഴമായി സ്പർശിച്ച അനുഭവത്തിന്റെ ആവിഷ്കരണവും ആവർത്തനവും ആണ്. ശിഷ്യന്റെ ജീവിതത്തിലെ അസാധാരണമായ ഓരോ അനുഭവവും മായാത്ത ഓർമ്മയായി സൂക്ഷിക്കുവാൻ സഹായിക്കുന്നത് ഒന്നേയുള്ളൂ; മുറിയപ്പെട്ട അപ്പം. ഈ അപ്പം ഭക്ഷിച്ച് ഗുരുവിനെ തിരിച്ചറിയുന്ന, ആ അനുഭവത്തെ ഒരിക്കലും മായാത്ത ഓർമ്മയാക്കി സൂക്ഷിക്കുന്ന, ഏല്പിക്കപ്പെട്ട ദൗത്യത്തിൽ ഉറച്ചു നില്ക്കുന്ന നല്ല ശിഷ്യന്മാരായി നമുക്കും മാറാം.

# 2014 മെയ് 11

# ഉയിർപ്പിനുശേഷം മൂന്നാം ഞായർ

മർക്കോ. 16:9–13; പുറ. 40:1–15; ജോഷ്വാ. 2:1–14; ഏശ. 65:1–7; അപ്പ.പ്രവ. 4:5–22; എഫേ. 2:1–10; ലൂക്കാ. 24:13–35

# എമ്മാവൂസിലേക്കു പോയ ശിഷ്യൻമാർ

**ബ്രദർ ജോഷി റയ്മണ്ട് ഒ. ഐ. സി.**

## ആമുഖം

പ്രതീക്ഷകൾക്കും, സ്വപ്നങ്ങൾക്കും വിപരീതമായി ജീവിതത്തിൽ സംഭവിച്ച കാര്യങ്ങളിൽ നിന്ന് ഒളിച്ചോടാതെ അതിനെ ധൈര്യപൂർവ്വം നേരിടണമെന്നും, ജീവിതത്തിന്റെ നിർണ്ണായക നിമിഷങ്ങളിൽ, അപരിചിതരിലൂടെ നമുക്കു ലഭിക്കുന്ന ദൈവിക വെളിപാടുകളെ തിരിച്ചറിയുവാനും എമ്മാവൂസിലേക്കു പോയ ശിഷ്യൻമാരുടെ അനുഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. അതിലുപരി ക്രിസ്തീയ ജീവിതത്തിൽ ദൈവവചനത്തിനും, വി. കുർബ്ബാനയ്ക്കുമുള്ള സ്ഥാനം വെളിവാക്കുന്നതാണ് ഈ വേദഭാഗം.

## പശ്ചാത്തലം

യേശുവിന്റെ പീഡാനുഭവത്തിനും, കുരിശുമരണത്തിനും, കബറടക്കത്തിനും ശേഷം, യേശുവിന്റെ ശവകുടീരം സന്ദർശിക്കുന്ന സ്ത്രീകളും, ശിഷ്യൻമാരും (ലൂക്കാ. 24:1–12) ശൂന്യമായ കല്ലറ കണ്ട് യേശുവിന്റെ ഉയിർപ്പിൽ വിശ്വസിക്കുന്നു. എന്നാൽ യേശുവിന്റെ ഉയിർപ്പിന്റെ പൊരുൾ തിരിച്ചറിയാൻ സാധിക്കാത്ത ശിഷ്യൻമാർ ജറുസലേമിൽ നിന്ന്, എമ്മാവൂസിലേക്കു യാത്രയാകുന്നു. ഇതാണ് ഈ വചനഭാഗത്തിന്റെ പശ്ചാത്തലം. ജറുസലേമിനു പടിഞ്ഞാറ് ഏകദേശം 60 സ്താദിയോൺ (ഏകദേശം 11 കിലോമീറ്റർ) അകലത്തായിട്ടാണു എമ്മാവൂസ് സ്ഥിതിചെയ്യുന്നത്. പ്രതീക്ഷകൾ നഷ്ടപ്പെട്ടവരുടെ സ്ഥലമായും എമ്മാവൂസിനെ വ്യാഖ്യാനിക്കാവുന്നതാണ്.

## പ്രമേയം

ഒരു യാത്രയാണ് ഈ സുവിശേഷത്തിന്റെ പ്രമേയം-ജറുസലേമിൽ നിന്ന്, എമ്മാവൂസിലേക്കുള്ള യാത്ര. ഈ യാത്രയ്ക്കിടയി ലാണ് ഈ നാടകീയരംഗങ്ങൾ അരങ്ങേറുന്നത്. യേശുവിന്റെ പീഡാ നുഭവവും കുരിശുമരണവും ഉത്ഥാനവും നടന്ന ജറുസലേമിൽ നിന്ന് എമ്മാവൂസിലേക്കു പോകുകയായിരുന്ന രണ്ടു ശിഷ്യൻമാരോടൊപ്പം (യേശുവിന്റെ വളർത്തുപിതാവായ യൗസേഫിന്റെ സഹോദരൻ എന്നു കരുതപ്പെടുന്ന ക്ലെയോപാസും, അപരൻ സുവിശേഷകനായ വി. ലൂക്കോസാണെന്നു മാണു പാരമ്പര്യം) ഉത്ഥിതനായ യേശു അപരിചിതനെപ്പോലെ സഞ്ചരിക്കുന്നു; യേശു അവർക്കു വി. ലിഖിതങ്ങൾ വ്യാഖ്യാനിച്ചു കൊടുക്കുന്നു; (ലൂക്കാ. 24:25-27) യാത്രയുടെ അവസാനത്തിൽ 'ഞങ്ങളോടുകൂടെ താമസിക്കുക' എന്നു പറഞ്ഞു നിർബ്ബന്ധിക്കുന്ന ശിഷ്യൻമാരുടെ സ്നേഹപൂർണ്ണമായ ക്ഷണം സ്വീകരിച്ച് അവരോടൊപ്പം താമസിക്കുന്ന യേശുനാഥൻ ഭക്ഷണത്തിനിരുന്നപ്പോൾ അപ്പം എടുത്ത് ആശീർവ്വദിച്ചു മുറിച്ച് അവർക്കു കൊടുത്തു. അപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെടുകയും യേശുവിനെ തിരിച്ചറിയുകയും, വി. ലിഖിതങ്ങൾ വ്യാഖ്യാനിച്ചപ്പോൾ അവരുടെ ഹൃദയങ്ങൾ ജ്വലിച്ചിരുന്നതായി ഓർക്കുകയും ചെയ്യുന്നു (ലൂക്കാ. 24:30-32). അപ്പോൾതന്നെ യേശു അവരുടെ ഇടയിൽനിന്നും അപ്രത്യക്ഷനാവുകയും ശിഷ്യൻമാർ തിരികെ ജറുസലേമിലേക്കു മടങ്ങിപ്പോവുകയും അവർക്കു ലഭിച്ച ഉത്ഥിതനായ യേശുവിന്റെ അനുഭവം ശിഷ്യൻമാരോടു വിവരിക്കുകയും ചെയ്യുന്നു.

## സന്ദേശം

### 1. പ്രതീക്ഷകൾ കാത്തുസൂക്ഷിക്കുക

ജീവിതത്തിൽ പ്രതീക്ഷ നഷ്ടപ്പെട്ടവരുടെ പ്രതിനിധികളായിട്ടു വേണം ജറുസലേമിൽ നിന്ന് എമ്മാവൂസിലേക്കു യാത്ര ചെയ്യുന്ന ഈ രണ്ടു ശിഷ്യന്മാരെ കാണുവാൻ. കാരണം ജറുസലേം എന്നതു പ്രവാചകൻമാരെ കല്ലെറിയുകയും വധിക്കുകയും ചെയ്യുന്ന സ്ഥലമാണ് (മത്തായി 23:37). ഇവിടെ തന്നെയാണു യഹൂദൻമാരുടെ രാജാവും

രക്ഷകനുമായ യേശുനാഥൻ കഠിനമായ പീഡകളേറ്റു കുരിശിൽ മരിച്ച് അടക്കപ്പെട്ടത്. തങ്ങളുടെ ഗുരുവിന്റെ മരണത്തിനുശേഷം പ്രതീക്ഷ നഷ്ടപ്പെട്ടു നിരാശരായ അവർ എമ്മാവൂസിലേക്കു യാത്രതിരിക്കുന്നു. യേശുവിന്റെ പീഡാനുഭവത്തിനും കുരിശുമരണത്തിനും ശേഷം ഉത്ഥാനം ഉണ്ടെന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ സാധിച്ചില്ല എന്നതാണ് ഈ ശിഷ്യൻമാരുടെ ജീവിതത്തിൽ സംഭവിച്ച ഏറ്റവം വലിയ പരാജയം. ഇങ്ങനെ മ്ലാനവദനരായിരുന്ന ഇവരുടെ ജീവിതത്തിലേക്കു ഉത്ഥിതനായ യേശു വചനമായും, അപ്പമായും കടന്നുവന്ന് അവരുടെ ഹൃദയങ്ങളെ ജ്വലിപ്പിച്ച്, പീഡാനുഭവത്തിനും കുരിശുമരണത്തിനും അപ്പുറമുള്ള ഉത്ഥാനത്തിന്റെ അനുഭവത്തിലേക്കു അവരെ നയിക്കുകയും ചെയ്യുന്നു.

**2. അപരിചിതരുടെ വാക്കുകൾ ശ്രദ്ധിക്കുക**

വാക്ക് ശക്തമായ ആയുധമാണ്. അപരനെ നശിപ്പിക്കാനും, പടുത്തുയർത്താനും ഇതിനു സാധിക്കും. നിരാശതയുടെ പാരമ്യത്തിൽ മ്ലാനവദനരായി സഞ്ചരിക്കുന്ന ശിഷ്യൻമാർക്കു തങ്ങളുടെ കൂടെ അപരിചിതനായി സഞ്ചരിക്കുന്ന യേശുവിന്റെ വാക്കുകൾ മനസ്സിലാകുന്നില്ല; എന്നാൽ പിന്നീട് യേശുവിന്റെ വാക്കുകൾ അവരുടെ ഹൃദയങ്ങളെ ജ്വലിപ്പിച്ചിരുന്നതായി അവർ മനസ്സിലാക്കുന്നു. ഇവിടെ മാത്രമല്ല, യേശുവിന്റെ ജീവിതത്തിലുടനീളം അവന്റെ വാക്കുകൾ അന്ധനു കാഴ്ചയായും, ബധിരനു കേൾവിയായും, കുഷ്ഠരോഗിക്കു സൗഖ്യമായും, മൃതിയടഞ്ഞവർക്കു ജീവനായും മാറിയിട്ടുണ്ട്. നമ്മുടെ ജീവിതത്തിലും ചില നിർണ്ണായകമായ നിമിഷങ്ങളിൽ അപരിചിതരായ വ്യക്തികളുടെ ഇടപെടലുകൾ, വാക്കുകൾ നമ്മെ ശക്തിപ്പെടുത്തുന്ന, ആശ്വസിപ്പിക്കുന്ന, നേരായ മാർഗ്ഗത്തിൽ നയിക്കുന്ന അനുഭവങ്ങളായി മാറിയിട്ടുണ്ടാകാം. അവയൊക്കെയും ഉത്ഥിതനായ യേശുവിന്റെ വാക്കുകളായി നമുക്കു തിരിച്ചറിയാം. ഈ അനുഭവം തന്നെ നമ്മുടെ വാക്കുകളിലൂടേയും മറ്റുള്ളവർക്കു പകർന്നുനൽകാനായി നമുക്കു പരിശ്രമിക്കാം.

**3. ബൈബിളിലും, വി. കുർബാനയിലും ആശ്രയിക്കുക**

ഒരു വിശ്വാസിയുടെ ജീവിതത്തിൽ അവന്റെ യഥാർത്ഥമായ ആശ്രയം എന്തിലായിരിക്കണം അല്ലെങ്കിൽ എവിടെ ആയിരിക്കണമെന്ന് ഈ വചനഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ വചനഭാഗത്തിൽ കണ്ട ശിഷ്യൻമാരുടെ നിരാശയുടെ ഇരുൾ നിറഞ്ഞ ജീവിതത്തിൽ പ്രത്യാശ യുടേയും, തിരിച്ചറിവിന്റേയും, ഉത്ഥാനത്തിന്റേയും അനുഭവം ലഭിക്കു ന്നതു യേശുവിന്റെ വചനങ്ങളിലൂടേയും, അപ്പം മുറിക്കലിലൂടേയുമാണ്. യേശുവിന്റെ വചനങ്ങൾ ശിഷ്യൻമാരുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുന്ന തായും (ലൂക്കാ. 24:32) അപ്പം ഭക്ഷിച്ച ശിഷ്യൻമാരുടെ കണ്ണുകൾ തുറക്ക പ്പെടുന്നതായും (ലൂക്കാ. 24:30,31) നാം വചനത്തിൽ കാണുന്നു. ഈ ഒരനുഭവം തന്നെയാണ് ഓരോ വിശ്വാസിയുടേയും ജീവിതത്തിൽ വി. കുർബാനയിലൂടേയും, തിരുവചനധ്യാനത്തിലൂടേയും സംഭവിക്കുന്നത്. അപ്പം ഭക്ഷിച്ചു കണ്ണുകൾ തുറക്കപ്പെട്ട ശിഷ്യന്മാർ യേശുവിനെ തിരി ച്ചറിഞ്ഞ നിമിഷം യേശു അവരുടെ ഇടയിൽ നിന്ന് അപ്രത്യക്ഷനാകുന്നു (ലൂക്കാ. 24:31) കാരണം ഉത്ഥിതനായ യേശുവിന്റെ സജീവസാന്നിധ്യം ഇനിയും സഭയിൽ തുടർന്നുകൊണ്ടുപോകേണ്ടതു വി. കുർബാനയി ലൂടെയാണ് എന്ന സൂചന ഇവിടെ നൽകുന്നു. മാത്രമല്ല നിത്യപ്രകാശ മായ ഉത്ഥിതനായ യേശുവിനെ തിരിച്ചറിയുന്ന ശിഷ്യൻമാർ തങ്ങളു ടേതായ അന്ധകാരത്തിന്റെ വഴികൾ (എമ്മാവൂസിലേക്കുള്ള യാത്ര) ഉപേക്ഷിച്ച് ഉടൻതന്നെ പ്രകാശത്തിന്റെ അനുഭവത്തിലേക്കു (ജറുസ ലേമിലേക്കു) മടങ്ങിപോകുന്നു. ഈ ഒരു തിരിച്ചുപോക്കു വിശ്വാസി കളായ ഓരോരുത്തരിൽനിന്നും ദൈവം ആവശ്യപ്പെടുന്നുണ്ട്. അനുദിന ജീവിതത്തിലെ നിരാശകളിലും, പ്രശ്നങ്ങളിലും, പ്രയാസങ്ങളിലും പെട്ടുഴലുമ്പോൾ അവയ്ക്കു തൽക്കാല ആശ്വാസം നൽകുന്ന അന്ധ കാരത്തിന്റെ വഴികളിലൂടെ സഞ്ചരിക്കാതെ പ്രകാശത്തിന്റേയും, പ്രത്യാശ യുടേയും, പ്രതീക്ഷയുടേയും, ഉത്ഥാനത്തിന്റേയും അനുഭവം നൽകുന്ന ദൈവവചനത്തിലും, വി. കുർബാനയിലും നമുക്ക് ആശ്രയിക്കാം.

## ഉപസംഹാരം

ജീവിതത്തിലെ നിരാശകളിലും തകർച്ചകളിലും നഷ്ടധൈര്യ രാകാതെ പ്രത്യാശയോടെ കാത്തിരിക്കുവാനും, നമ്മുടെ ജീവിതത്തെ ശക്തിപ്പെടുത്തുന്ന, പടുത്തുയർത്തുന്ന അപരിചിതരുടെ വാക്കുകൾ ശ്രദ്ധിക്കുവാനും, ദൈവവചനത്തിലും, വി. കുർബാനയിലും ആശ്രയിച്ചു കൊണ്ടു ജീവിതത്തെ ക്രമപ്പെടുത്തുവാനും ഈ വചനഭാഗം നമ്മോട് ആഹ്വാനം ചെയ്യുന്നു. അങ്ങനെ പ്രത്യാശയുടേയും, പ്രതീക്ഷയുടേയും ഒരു നവജീവിതം നമുക്കു കെട്ടിപ്പടുക്കാം.

# 2014 മെയ് 18

# ഉയിർപ്പിനുശേഷം നാലാം ഞായർ

മത്താ. 28:16-20; പുറ. 34:10-17; ജോബ് 42:7-17; ഏശ. 49:8-13; അപ്പ.പ്രവ. 10:34-43; 2 കോരി. 5:17-21; ലൂക്കാ. 24:36-49

**ബ്രദർ തോമസ് ഫ്രാൻസിസ് ഒ. ഐ. സി.**

## പശ്ചാത്തലം

ഉത്ഥാനത്തിനുശേഷം എമ്മാവൂസിലേക്കു പോയ ശിഷ്യൻമാർക്കുണ്ടായ അത്ഭുതത്തെക്കുറിച്ച് വിവരിച്ചുകൊണ്ടിരിക്കുമ്പോൾ യേശുതമ്പുരാൻ ശിഷ്യഗണത്തിനു മുമ്പിൽ വീണ്ടും പ്രത്യക്ഷനാകുന്നു. ഭൂതത്തെയാണ് തങ്ങൾ കാണുന്നതെന്നു കരുതി ഭയന്നു വിറച്ച ശിഷ്യൻമാരെ അവിടുന്നു ധൈര്യപ്പെടുത്തുന്നു. തന്റെ ആണിപ്പഴുതുള്ള കൈകാലുകൾ കാണിച്ചുകൊണ്ട് അവരെ വചനത്തിന്റെ പൊരുളിലേക്കു കർത്താവ് തിരിച്ചുകൊണ്ടു വരുന്നു.

## പ്രമേയം

മരണത്തിനു മുന്നിൽ വിജയം വരിച്ച കർത്താവിന്റെ വരവിനെ ആഘോഷമാക്കേണ്ടവർ അവനെ ഭയക്കുന്നു. കാരണം, ശിഷ്യൻമാരിൽ ഒരുതരം ആത്മീയാന്ധത ബാധിച്ചിരിക്കുന്നു. എന്നാൽ, വചനത്തിന്റെ ശക്തികൊണ്ട് അവരുടെ മനസ്സുകളെ അവൻ തുറക്കുന്നു.

## വിചിന്തനം

1. ഉയിർത്തെഴുന്നേറ്റ യേശുവിനെ ശിഷ്യൻമാർക്ക് തിരിച്ചറിയാൻ സാധിച്ചില്ല. കാരണം:
    - അവർ ഉത്ഥിതനെ അവിടെ പ്രതീക്ഷിച്ചില്ല.
    - ഇങ്ങനെയുള്ള രൂപത്തിലും ഭാവത്തിലും യേശു പ്രത്യക്ഷപ്പെടാൻ സാധ്യതയില്ല എന്നവർ കരുതിയിരിക്കണം.

- വിശുദ്ധ ലിഖിതങ്ങളുടെ പൊരുൾ അവർക്കു വേണ്ടവണ്ണം അറിയുമായിരുന്നില്ല.
- യേശുവിന്റെ സ്വരം ഭൂതത്തിന്റെ സ്വരമായിട്ടാണ് അവർക്കു തോന്നിയത്.

2. ഇന്ന് ദരിദ്രന്റെയും രോഗിയുടെയും പാപിയുടെയും രൂപത്തിൽ നമുക്ക് മുന്നിലെത്തുന്ന യേശുവിനെ നമ്മൾ തിരിച്ചറിയാതെ പോകുന്നുണ്ട്. കാരണം:

- യേശു ഇങ്ങനെയുള്ള രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടാൻ സാധ്യതയില്ല എന്നു നമ്മൾ കരുതുന്നു.
- "എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്" (മത്താ. 25:40) തുടങ്ങിയുള്ള വിശുദ്ധ ലിഖിതങ്ങൾ നമ്മൾ മറന്നു പോകുന്നു.
- "അതു കർത്താവാണ്" (യോഹ. 21:7) എന്ന് മനഃസാക്ഷിയുടെ സ്വരം നമ്മോട് പറയുമ്പോഴും, നമ്മൾ നമ്മുടെ സ്വാർത്ഥതയുടെ സ്വരം ശ്രവിക്കുന്നതിനു പ്രാധാന്യം നൽകുന്നു.

## ഉപസംഹാരം

മരണത്തിൻമേൽ വിജയം നേടി, നമ്മെ തേടി വരുന്ന യേശുവിനെ മനസ്സിലാക്കാൻ കഴിയാത്ത വിധം അന്ധമായി പോകാറുണ്ട്; നമ്മുടെ കണ്ണുകളും. അറിഞ്ഞോ അറിയാതെയോ തിന്മയുടെയും സ്വാർത്ഥതയുടെയും ആവരണം കൊണ്ടു നമ്മുടെ നയനങ്ങൾ മൂടപ്പെട്ടിട്ടുണ്ടെങ്കിൽ അവ വെളിച്ചം ദർശിക്കുന്നതായി വിശുദ്ധ ലിഖിതങ്ങളിലൂടെ നമ്മൾ ഒരു തീർത്ഥാടന യാത്ര ചെയ്തേ മതിയാകൂ. വിശ്വാസം പരിശുദ്ധാത്മദാനമെന്ന് ഗ്രഹിച്ച്, ആ കൃപയ്ക്കായി പ്രാർത്ഥിച്ചുകൊണ്ട് വേണം ഈ തീർത്ഥാടനം.



# 2014 മെയ് 25

# ഉയിർപ്പിനുശേഷം അഞ്ചാം ഞായർ

**യോഹ. 16:12–15; നിയമ. 16:10–12; സുഭാ. 10:1–13; ഏശ. 28:2329; അപ്പ.പ്രവ. 13:44–52; കൊളോ. 3:1–11; യോഹ. 16:16–24**

**ബ്രദർ എബിൻ തോമസ് പണിക്കർ ഒ. ഐ. സി.**

## പ്രമേയം

യേശുനാഥൻ വധിക്കപ്പെടാൻ പോവുകയാണ് എന്നു മനസ്സിലാക്കിയ ശിഷ്യർ ദുഃഖിതരാവുന്നു. മരണത്തിലൂടെയുള്ള തന്റെ വേർപാട് താൽക്കാലികമാണെന്നും, ഉത്ഥാനത്തിലുടെയുള്ള തന്റെ തിരിച്ചുവരവ് എന്നും തന്നോടുകൂടെ ജീവിക്കുന്നവരായി അവരെ മാറ്റുമെന്നും അങ്ങനെ അവരുടെ ദുഃഖം സന്തോഷമായി മാറുമെന്നും യേശു ഉറപ്പുനൽകുന്നു. എന്നാൽ ഈ അപ്രത്യക്ഷപ്പെടലിനും പ്രത്യക്ഷപ്പെടലിനുമിനിടയിൽ "അൽപസമയം" എന്ന വസ്തുതയുണ്ട്. ഈ "അൽപസമയം" സഹനത്തിന്റെ നിമിഷങ്ങളാണ്. ഈ ഇടവേള വിശ്വസ്തതയോടെ കടക്കുന്നവന്റെ സന്തോഷം അവർണ്ണനീയവും ആർക്കും എടുത്തു കളയാൻ പറ്റാത്തതുമാണെന്ന് യേശു പഠിപ്പിക്കുന്നു.

## പശ്ചാത്തലം

യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ അന്ത്യപ്രഭാഷണത്തിന്റെ അവസാനഭാഗമാണ് ഈ തിരുവചനങ്ങൾ. യഹൂദപ്രമാണികളുടെ മുമ്പിൽ തോൽവി നേരിടേണ്ടിവരും എന്ന ഭയവും തങ്ങളുടെ നേതാവായ യേശുവിന്റെ വേർപാടിലുള്ള ദുഃഖവും ശിഷ്യരെ തളർത്തുന്നു. അവരെ ആശ്വസിപ്പിച്ചുകൊണ്ടു യേശു പറയുന്നു: "അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും" (16:16). ഈ വാക്കുകളുടെ അർത്ഥം മനസ്സിലാകാതെ വിഷമിക്കുന്ന ശിഷ്യർക്ക് അതിന്റെ അർത്ഥം യേശു വിശദീകരിച്ചുകൊടുക്കുകയാണ്.

## വിചിന്തനം

യേശുവിന്റെ മരണം ശിഷ്യർക്കു ദുഃഖത്തിനു കാരണമായെങ്കിൽ അത് ലോകത്തിനു സന്തോഷകാരണമാണ്. എന്തെന്നാൽ, അത് അവനിൽ വിശ്വസിക്കാത്തവരുടെ താൽക്കാലിക വിജയമാണ്. അനീതിക്കെതിരെ ശബ്ദമുയർത്തിയ നാവിനെ നിശബ്ദമാക്കിയതിന്റെ വിജയവും അതിലുള്ള സന്തോഷവും. എന്നാൽ ലോകത്തിന്റെ വിജയവും ശിഷ്യരിലുണ്ടാകുന്ന ദുഃഖവും താൽക്കാലികമാണെന്നും ഉത്ഥാനത്തിലൂടെയുള്ള തന്റെ തിരിച്ചുവരവിൽ അവരുടെ ദുഃഖം സന്തോഷമായി മാറുമെന്നും യേശുതമ്പുരാൻ ശിഷ്യരെ അനുസ്മരിപ്പിക്കുന്നു. ഉത്ഥാനശേഷം ഇതു യാഥാർത്ഥ്യമായി എന്നു സുവിശേഷം രേഖപ്പെടുത്തുന്നു. "കർത്താവിനെ കണ്ടു ശിഷ്യന്മാർ സന്തോഷിച്ചു" (യോഹ. 20:20).

ശിഷ്യർ അനുഭവിക്കുന്ന വേദന അൽപസമയത്തേക്കു മാത്രം ഉള്ളതാണ്. 'അൽപസമയം' എന്ന പദപ്രയോഗത്തിന്റെ അർത്ഥം യേശു ശിഷ്യർക്കു വിശദീകരിച്ചു കൊടുക്കുകയാണ്. പ്രസവവേദന അനുഭവിക്കുന്ന സ്ത്രീയുടെ നോവിന്റെ ഇടവേളയ്ക്കു സമാനമാണ് ഈ "അൽപസമയം". ഈ 'അൽപസമയം' ക്രിസ്തുശിഷ്യൻ നേരിടുന്ന സഹനത്തിന്റെ നിമിഷങ്ങളാണ്. പ്രസവിക്കാൻ പോകുന്ന ഏതു സ്ത്രീയും താൻ അഭിമുഖീകരിക്കാൻ പോകുന്ന വേദനയും സഹനവും ഓർത്ത് പ്രയാസപ്പെടാറുണ്ട്. എന്നാൽ ഇത് അൽപസമയത്തേക്കു മാത്രമാണ്. കാരണം, പ്രസവം കഴിഞ്ഞ സ്ത്രീ തുടർന്ന് അമ്മയായതിന്റെ ആനന്ദത്തിലേക്കു പ്രവേശിക്കുന്നു. ക്രിസ്തുശിഷ്യനും ഇതുപോലെ അൽസമയത്തെ സഹനത്തിലും യേശു നൽകുന്ന സന്തോഷത്തിന്റെ പ്രത്യാശയിൽ വിശ്വസ്തതയോടെ ജീവിക്കണം. സഹനത്തിന്റെ ഒറ്റയടിപ്പാതകളിൽ നമ്മെ ഒറ്റപ്പെടുത്താതെ, ദൈവം നമ്മുടെ ഒപ്പം നിന്നു നൊമ്പരങ്ങളെ തന്നിലേക്ക് ഒപ്പിയെടുക്കുന്നുണ്ടെന്നു നാം തിരിച്ചറിയണം. അപ്പോൾ, സഹനം ഒരിക്കലും ശാപമാകുന്നില്ല. പിന്നെയോ, അനുഗ്രഹമാകുന്നു.

മിശിഹായുടെ രണ്ടാം ആഗമനമാണു "ഞാൻ വീണ്ടും നിങ്ങളെ കാണും" (16:22) എന്ന വാക്കുകൾ കൊണ്ടു യോഹന്നാൻ ശ്ലീഹാ പരാമർശിക്കുന്നത്. ഈ രണ്ടാം ആഗമനം മിശിഹായുടെ ഉത്ഥാനത്തിൽ

മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. മറിച്ച്, പെന്തക്കൊസ്തി ദിനത്തിൽ യാഥാർത്ഥ്യമായ ഇത് ലോകാവസാനത്തിൽ സ്വർഗ്ഗീയാനുഭവം വരെ എത്തിനിൽക്കുകയും ചെയ്യുന്നു. മാമോദീസായിൽ നമ്മിലോരോരുത്തരിലും മിശിഹായുടെ ഈ രണ്ടാം ആഗമനം സംഭവിക്കുന്നു. ഓരോ കൂദാശ സ്വീകരണത്തിലും, പ്രത്യേകിച്ച് വി. കുർബ്ബാനയിൽ, ഈ രണ്ടാം ആഗമനം നവീകരിക്കപ്പെടുന്നു. ഈ ജീവിതയാത്രയിൽ സഹനം എന്ന യാഥാർത്ഥ്യം പ്രാണവായു പോലെ നമ്മോടൊപ്പമുണ്ടാവും. ഒടുവിൽ, നമ്മുടെ മരണനിമിഷം നടക്കുന്ന രണ്ടാം ആഗമനത്തിലൂടെ ഈ അനുഭവം എന്നേയ്ക്കുമായി പൂർത്തീകരിക്കപ്പെടുന്നു, നാം മിശിഹായോടുകൂടി സ്വർഗ്ഗത്തിലാവുകയും ചെയ്യുന്നു.

# 2014 മെയ് 29

# നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം

മർക്കോ. 16:14-20; ഉൽപ. 5:18-24; 2 രാജാ. 2:1-12; ഏശ. 14:1-15; അപ്പ.പ്രവ. 1:6-11; കോളൊ. 3:1-4; ലൂക്കാ. 24:50-53

**ബ്രദർ ആന്റണി ഞെരിഞ്ഞാംപള്ളി ഒ. ഐ. സി.**

## ആമുഖം

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം എന്നതു നമ്മുടെ കർത്താവേശുമിശിഹായുടെ ഉത്ഥാനമാണ്. അതിനാലാണ് വി. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നത്. യേശുക്രിസ്തു ഉയിർത്തി ല്ലെങ്കിൽ നമ്മുടെ വിശ്വാസം വ്യർത്ഥമാണ് എന്ന്. സകല രക്ഷാകര രഹസ്യങ്ങളുടെയും അന്ത്യവും കേന്ദ്രവുമായ ഉത്ഥാനത്തോടുകൂടി യേശുവിന്റെ ഭൂമിയിലെ പ്രവർത്തനങ്ങൾ അവസാനിക്കുന്നില്ല. മറിച്ച് ഉത്ഥാനത്തിനു സാക്ഷികളായി ജീവിക്കുവാനുള്ള ആഹ്വാനം നമുക്കേ വർക്കും നൽകിയിട്ട്, രക്ഷാകര പ്രവർത്തനങ്ങളുടെ തുടർച്ച നമ്മെ ഭര മേൽപിച്ചിട്ടാണ് യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നത്. സ്വർഗ്ഗാരോ ഹണം ഒരു ദൗത്യത്തിന്റെ ഭരമേൽപ്പിക്കലാണ്. അതിനാൽ ഉത്ഥാനം മുതൽ സ്വർഗ്ഗാരോഹണംവരെയുള്ള ദൂരം നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യത്തിന്റെ ദൂരമാണ്. യേശുവിന്റെ ഉത്ഥാനത്തിനുശേഷം നാൽപതാം ദിവസം യേശു സ്വർഗ്ഗാരോഹണം ചെയ്ത ആ ദിവസത്തെ സ്മരിക്കുന്ന നമുക്കു തിരുസഭാ മാതാവ് വിചിന്തനത്തിനായി നൽകിയിരി ക്കുന്ന വേദഭാഗമാണ് ലൂക്കാ. 24:50-53.

## പശ്ചാത്തലം, പ്രമേയം

വി. ലൂക്കായുടെ സുവിശേഷത്തിന്റെ ഉപസംഹാരം എന്നു പറയുവാൻ സാധിക്കുന്ന ഒരു വേദഭാഗമാണിത്. 24-ാം അദ്ധ്യായം

യേശുവിന്റെ ഉത്ഥാനത്തിൽ ആരംഭിച്ചു സ്വർഗ്ഗാരോഹണത്തിൽ കൊണ്ടെത്തിച്ചിരിക്കുന്നതിന്റെ പ്രത്യേക ദൈവശാസ്ത്രപരമായ ഉദ്ദേശ്യം ദൗത്യം ക്രിസ്തുശിഷ്യർക്കു ഭരമേൽപ്പിക്കുക എന്ന താണ്. അപ്പസ്തോല പ്രവർത്തനങ്ങളുടെ ആരംഭവും ഈ ഭാഗം തന്നെ യായിരിക്കുന്നത് ഏൽപ്പിക്കപ്പെട്ട ദൗത്യത്തിന്റെ ആവിഷ്കാരം കാണി ക്കുന്നതാണ്. 24-ാം അദ്ധ്യായം ആഗമനം ആഹ്വാനം ചെയ്യുന്ന ദൗത്യ ത്തിന്റെ ഭരമേൽപ്പിക്കൽ പൂർത്തിയാകുന്നത് യേശു അവരെ അനുഗ്ര ഹിക്കുകയും തുടർന്നു സ്വർഗ്ഗത്തിലേക്കു കരേറുകയും ചെയ്യുന്നതി ലൂടെയാണ്. പഴയനിയമകാലത്തു ബലിയർപ്പണത്തിനുശേഷം പുരോ ഹിതൻ കരങ്ങളുയർത്തി ജനത്തെ ആശീർവ്വദിക്കുകയും (പ്രഭാ. 50:20) അവർ അപ്പോൾ പ്രണാമം ചെയ്യുകയും പതിവായിരുന്നു. അതുപോലെ യേശു കരങ്ങളുയർത്തി ശിഷ്യന്മാരെ ആശീർവ്വദിക്കുകയും അവർ അവിടുത്തെ കുമ്പിട്ടാരാധിക്കുകയും ചെയ്തു. ഇതു സംഭവിക്കുന്നത് യഹൂദരുടെ ആരാധനാകേന്ദ്രസ്ഥലമായ ജെറുസലേമിൽനിന്ന് അകലെ, അതേ സമയം യഹൂദ സ്ഥലത്തുനിന്നും വിജാതീയരുടെ നാടിന്റെ സമീപമുള്ള ബഥാനിയായിലുമാണ് എന്നുള്ളതും പ്രാധാന്യമർഹി ക്കുന്ന ഒരു പ്രതീകാത്മകമായ അവതരണമാണ്.

## സന്ദേശം

### 1. സ്വർഗ്ഗാരോഹണം: സ്വർഗ്ഗപ്രവേശനത്തിന്റെ മുന്നാസ്വാദനം

യേശു സ്വർഗ്ഗാരോഹണം ചെയ്തു എന്നത് നമ്മിൽ അവിടുത്തെ രണ്ടാം വരവിന്റെ പ്രതീക്ഷയുടെ ആഴം വർദ്ധിപ്പിക്കുന്നു. ഇന്ന് നാം വസിക്കുന്ന ഈ ഭൗമിക ഭവനം ശാശ്വതമല്ലെന്നും അഭൗമികവും ശാശ്വത വുമായ സ്വർഗ്ഗീയ ഭവനം നമുക്കുണ്ടെന്നും ക്രിസ്തു തന്റെ സ്വർഗ്ഗാരോ ഹണത്തിലൂടെ നമുക്കു മനസ്സിലാക്കിത്തരുന്നു. വി. പൗലോസ് ശ്ലീഹാ പറയുന്നു: "ഞങ്ങൾ വസിക്കുന്ന ഭൗമികഭവനം നശിച്ചുപോകുമെങ്കിലും കരങ്ങളാൽ നിർമ്മിതമല്ലാത്തതും ശാശ്വതവും ദൈവത്തിൽനിന്നുള്ളതു മായ സ്വർഗ്ഗീയ ഭവനം ഞങ്ങൾക്കുണ്ടെന്നു ഞങ്ങൾ അറിയുന്നു" (2 കോരി. 5:1).

“നിങ്ങൾക്കു വാസസ്ഥലമൊരുക്കുവാനാണു ഞാൻ പോകുന്നത്” എന്ന യേശുവചനം സംഭവ്യമാകുന്നതാണു നാം ഇവിടെ ദർശിക്കുന്നത്. യേശുവിന്റെ സ്വർഗ്ഗാരോഹണം നമ്മുടെ സ്വർഗ്ഗപ്രവേശനത്തിന്റെ ചൂണ്ടുപലകയാണ്. വി. കുർബ്ബാനയിലും ആരാധനക്രമവത്സരത്തിലുമെല്ലാം നാം യേശുവിന്റെ സ്വർഗ്ഗാരോഹണം സ്മരിക്കുമ്പോൾ, നമ്മുടെതന്നെ സ്വർഗ്ഗപ്രവേശനത്തിന്റെ ഒരു മുന്നാസ്വാദനമാണ് നാം നടത്തുന്നത്. അതിനാലാണ് യേശു തന്റെ സ്വർഗ്ഗാരോഹണത്തിനു സാക്ഷികളാകുവാൻ ശിഷ്യൻമാരെ കൂട്ടിക്കൊണ്ടുപോകുന്നത്.

**2. സ്വർഗ്ഗാരോഹണം: തന്നോടുകൂടെയായിരിക്കുവാനുള്ള വിളി**

“അവൻ അവരെ ബഥാനിയവരെ കൂട്ടിക്കൊണ്ടുപോയി” (ലൂക്കാ. 24:50). ദൈവം നമ്മെയും തന്റെ കൂടെയായിരിക്കുവാൻ വിളിച്ചുചേർത്തിരിക്കുന്നു. സ്വർഗ്ഗാരോഹണത്തിനു സാക്ഷികളാകുവാൻ അവൻ തന്റെ ശിഷ്യന്മാരെ കൊണ്ടുപോയെങ്കിൽ അതിനുള്ള കാരണം ഇതാണ്-അവൻ അവരെ സ്നേഹിച്ചു. ദൈവം, താൻ സ്നേഹിക്കുന്നവൻ തന്നോടൊപ്പമായിരിക്കുവാൻ ആഗ്രഹിക്കുന്നു. ഉദാഹരണത്തിനു “ഹെനോക്ക് ദൈവത്തിനു പ്രിയങ്കരനായി ജീവിച്ചു. പിന്നെ അവനെ കണ്ടിട്ടില്ല; ദൈവം അവനെ എടുത്തു” (ഉൽപ. 5:24).

പക്ഷേ ഇന്നു നാം നയിക്കപ്പെടുന്നതു ആരാലാണ്? ആരുടെ കൂടെയാണ് നാം ആയിരിക്കുന്നത്? ഇത് ആധുനിക ലോകം! ഈ കാലഘട്ടത്തിൽ സാങ്കേതിക വിദ്യകളിൽനിന്ന് ഉടലെടുത്ത ഫേസ്ബുക്കിലൂടെയും മൊബൈൽ ഫോൺവഴിയും മിക്കപ്പോഴും സാത്താൻ നമ്മെ അവന്റെകൂടെ കൂട്ടിക്കൊണ്ടുപോകുന്നു. ഫേസ്ബുക്കും മൊബൈൽ ഫോണുമെല്ലാം ദൈവസ്നേഹത്തെ പഠിപ്പിക്കാനും പങ്കുവയ്ക്കുവാനുമുള്ള ഒരു മാദ്ധ്യമമാവണം. എന്നാൽ ഇതു ദുരുപയോഗിക്കപ്പെടുകയും സാത്താൻ അതിൽ കൈയ്യേറുകയും ചെയ്യുമ്പോൾ യേശുവിനെത്തന്നെയാണ് നാം വിസ്മരിക്കുന്നത്. അവനെ അനുഗമിക്കുവാനും നാം മറന്നുപോകുന്നു.

### 3. സ്വർഗ്ഗാരോഹണം: സ്നേഹത്തിന്റെ പൂർണ്ണതയിലേക്കുള്ള ആരോഹണം

സ്വർഗ്ഗാരോഹണം എന്നുള്ളതു ഭൗമികജീവിതത്തിൽനിന്ന് നിത്യജീവിതത്തിലേക്കുള്ള കടന്നുപോകലാണ്. സ്വർഗ്ഗാരോഹണത്തെ ഭൗമികതലത്തിൽനിന്നു ദൈവികതലത്തിലേക്കുള്ള പ്രവേശനമായി വിശേഷിപ്പിക്കാനാകും. ഇവിടെ ഭൗമിക അവസ്ഥയിൽനിന്ന് സ്വർഗ്ഗീയ അവസ്ഥയിലേക്കുള്ള ഉയർച്ചയായി മനസ്സിലാക്കാം.

ഭൂമിയിൽ സ്വർഗ്ഗം പണിയുവാനുള്ള ഒരു ക്ഷണമാണ് സ്വർഗ്ഗാരോഹണം. സ്വർഗ്ഗാരോഹണം എന്നുള്ളതു സ്വർഗ്ഗത്തിലേക്കു കരേറ്റപ്പെടുക എന്നതു മാത്രമല്ല, സ്വർഗ്ഗത്തെ ഭൂമിയിലേക്കു ഇറക്കിക്കൊണ്ടുവരിക എന്നുള്ളതുകൂടിയാണ്. “എന്റെ ഏറ്റവം എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്” (മത്താ. 25:40). എന്റെ കുറവുകൾ മനസ്സിലാക്കി മറ്റുള്ളവരുടെ കുറവുകളെ തിരിച്ചറിഞ്ഞ് അവരെ സഹായിക്കുന്നതിലൂടെ അവരേയും എന്നേയും വളർത്തുന്നതിലൂടെ ഈ ലോകത്തിൽ സ്വർഗ്ഗം നാം പണിയുന്നു. അവനവനത്വം (ഞാൻ എന്ന ഭാവം) പെരുകുന്ന ഈ കാലഘട്ടത്തിൽ സ്വാർത്ഥതയെ മാറ്റിനിർത്തി പ്രാർത്ഥനയിലും ധ്യാനത്തിലും സത്പ്രവർത്തികളിലും വ്യാപൃതരായി അനേകായിരങ്ങളെ സ്വർഗ്ഗീയ അനുഭവത്തിലേക്കു കൂട്ടിക്കൊണ്ടുവരുവാൻ നമുക്കു സാധിക്കണം.